പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 108

# 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 108

**2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ**

1497/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 108

# 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റ് (1970-ലെ 19) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.— 1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റിന്റെ (1970-ലെ 19) 2-ാം വകുപ്പിന്റെ (എ) ഖണ്ഡത്തിൽ, “എന്നോ അർത്ഥമാകുന്നു;” എന്ന വാക്കുകൾക്കും ചിഹ്നത്തിനും മുമ്പായി "അല്ലെങ്കിൽ 1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിന്റെ (1974-ലെ 18) 11-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അല്ലെങ്കിൽ 1996-ലെ കെട്ടിട-മറ്റുനിർമ്മാണത്തൊഴിലാളികളുടെ (തൊഴിലും സേവനവ്യവസ്ഥകളും ക്രമപ്പെടുത്തൽ) ആക്റ്റിന്റെ (1996-ലെ 27-ാം കേന്ദ്ര ആക്റ്റ്) 18-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം

രൂപീകരിച്ചിട്ടുള്ള കെട്ടിട-മറ്റുനിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ ബോർഡ് അല്ലെങ്കിൽ 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (2006-ലെ 24) 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് " എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തണമെന്നതാണ് സർക്കാരിന്റെ നയം. 1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിന്റെ (1974-ലെ 18) 11-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, 1996-ലെ കെട്ടിട-മറ്റുനിർമ്മാണത്തൊഴിലാളികളുടെ (തൊഴിലും സേവനവ്യവസ്ഥകളും ക്രമപ്പെടുത്തൽ) ആക്റ്റിന്റെ (1996-ലെ 27-ാം കേന്ദ്ര ആക്റ്റ്) 18-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കെട്ടിട-മറ്റുനിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ ബോർഡ്, 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (2006-ലെ 24) 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്താൻ സർക്കാർ തീരുമാനിച്ചു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ 1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത ആക്റ്റിൽ ഒരു ഭേദഗതി കൊണ്ടുവരേണ്ടത് ആവശ്യമാണ്.

2. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ.

(ശരിത്തർജ്ജമ)

# 1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1970-ലെ 19)

** ** ** **

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കോർപ്പറേഷൻ" എന്നാൽ 1951-ലെ സ്റ്റേറ്റ് ഫൈനാൻഷ്യൽ കോർപ്പറേഷൻ ആക്റ്റിന്റെ (1951-ലെ 63-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള സംസ്ഥാന ഫൈനാൻഷ്യൽ കോർപ്പറേഷൻ അല്ലെങ്കിൽ 1962-ലെ വെയർ ഹൗസിംഗ് കോർപ്പറേഷൻ ആക്റ്റിന്റെ (1962-ലെ 58-ാം കേന്ദ്ര ആക്റ്റ്) 18-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ അല്ലെങ്കിൽ 1957-ലെ കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ആക്റ്റ് (1957-ലെ 9) 4-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് അല്ലെങ്കിൽ 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും ആക്റ്റിന്റെ (1986-ലെ 14) 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച കേരള വാട്ടർ അതോറിറ്റി അല്ലെങ്കിൽ 1969-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1969-ലെ 22) 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് അല്ലെങ്കിൽ 1978-ലെ ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20) 14-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് അല്ലെങ്കിൽ 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1985-ലെ 21) 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് അല്ലെങ്കിൽ 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1977-ലെ 11) 4-ാം വകുപ്പ് പ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് അല്ലെങ്കിൽ 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിന്റെ (2009-ലെ 10) 9-ാം വകുപ്പ് പ്രകാരം സ്ഥാപിച്ചിട്ടുള്ള കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് എന്നോ അർത്ഥമാകുന്നു;

(ബി) "ഗവൺമെന്റ്" കമ്പനി' എന്നാൽ,—

(i) 1956-ലെ കമ്പനി ആക്റ്റിന്റെ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ളതും കേരള ഗവൺമെന്റിന് അൻപത്തൊന്ന് ശതമാനത്തിൽ കുറയാത്ത അടച്ചുതീർത്ത ഓഹരി മൂലധനമുള്ളതുമായ ഒരു കമ്പനി എന്നോ; അല്ലെങ്കിൽ

(ii) അപ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ളതും അൻപത്തൊന്ന് ശതമാനത്തിൽ കുറയാത്ത അടച്ചുതീർത്ത ഓഹരി മൂലധനം ഭാഗികമായി കേരള ഗവൺമെന്റിനും ഭാഗികമായി (i)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന ഒരു കമ്പനിക്കും ഉള്ളതുമായ കമ്പനിയെന്നോ; അല്ലെങ്കിൽ

(iii) പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന (i)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഒരു കമ്പനിയുടെ സബ്സിഡിയറി കമ്പനിയെന്നോ; അർത്ഥമാകുന്നു.

(സി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു.

**        **        **        **